## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1868.** **16.02.2016 ന് മറുപടിയ്ക്ക്**

## സുബോധം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, ലൂഡി ലൂയിസ്<br>,, ജോസഫ് വാഴയ്ക്കൻ** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സുബോധം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | പുനർജനി 2030-ന്റെ ഭാഗമായി ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'സുബോധം' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 27.04.2015 ലെ ജി.ഒ(എം. എസ്) നം.73/2015/നി.വ. ഉത്തരവ് പ്രകാരം ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും 25.9.2015 ലെ ജി.ഒ.(എം.എസ്) 171/15/നി.വ. പ്രകാരം സർക്കാർ സുബോധം പദ്ധതിരേഖ അംഗീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയും ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെ ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | യാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction), അതിന്റെ ദുരിത ലഘൂകരണം (Harm Reduction), ശാസ്ത്രീയമായ പഠനം (Research, Monitoring), എന്നിവയിലൂന്നിയാണ് സുബോധത്തിന്റെ കാര്യ പരിപാടികൾ നടപ്പിലാക്കി വരുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 27.04.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.73/2015/നി.വ പ്രകാരം സുബോധം എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകുകയും ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിരുന്നു. സുബോധം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതിരേഖ 25.09.2015 ലെ ജി.ഒ.(എം.എസ്) 171/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചും ഉത്തരവാകുക യുണ്ടായി. കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസ രിച്ച് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്ത നങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സുബോധം പദ്ധതി ഡയറക്ടറുടെ മേൽനോട്ടത്തിൽ നടത്തി വരുന്നുമുണ്ട്. |

Rainu.V

**സെക്ഷൻ ഓഫീസർ**